പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1618 11.08.2017-ലെ മറുപടിക്ക്

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്നും കണ്ണൂർ, പഴനി, നാഗർകോവിൽ എന്നിവിടങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ട നടപടികൾസ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പഴനി, നാഗർകോവിൽ എന്നിവിടങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ പുതുതായി ആരംഭിക്കുവാൻ കഴിയുകയില്ല. മാവേലിക്കരയിൽ നിന്ന് കണ്ണൂരിലേയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തിയ ശേഷം യാത്രക്കാർക്കും, കെ.എസ്.ആർ.ടി. സി.ക്കും ഗുണകരമാകുമെങ്കിൽ ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | മാവേലിക്കര ഡിപ്പോയിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (ബി) | മാവേലിക്കര ഡിപ്പോയിൽ വരുമാനക്കുറവും ഡ്രൈവർമാരുടെ അഭാവവും കാരണമാണ് സർവ്വീസുകൾ നിർത്തലാക്കിയത്. യാത്രക്കാർക്കും, കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമായ രീതിയിൽ പുന:ക്രമീകരിച്ച് സാദ്ധ്യതാപഠനം നടത്തിയ ശേഷം പുനരാരംഭിക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പന്തളം ഡിപ്പോയിൽ നിന്നും താമരക്കുളം, കണ്ണനാകുഴി വഴിയുള്ള സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. പന്തളം ഡിപ്പോയിൽ നിന്നുള്ള താമരക്കുളം കണ്ണനാകുഴി വഴിയുള്ള 06.00 മണി കരുനാഗപ്പള്ളി സർവ്വീസിന് 4000/- രൂപയ്ക്കും, 6000/- രൂപയ്ക്കുമിടയിലാണ് പ്രതിദിന വരുമാനം ലഭിക്കുന്നത്. ആയതിനാൽ വരുമാനക്കുറവും, ഡ്രൈവർമാരുടെ അഭാവവും കാരണം ടി സർവ്വീസ് താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. ഈ സർവ്വീസ് പുനരാരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**